പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.325 11.11.2019 ൽ മറുപടിയ്ക്ക്

നെൽ സംഭരണത്തിന്റെ കാര്യക്ഷമത

ചോദ്യം
ശ്രീ.കെ.ഡി.പ്രസേനൻ
ശ്രീമതി.പി.അയിഷാ പോറ്റി
ശ്രീ.കാരാട്ട് റസാഖ്
ശ്രീ.യു.ആർ.പ്രദീപ്

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേന്ദ്രസർക്കാർ നയങ്ങളുടെ ഫലമായി ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ പ്രവർത്തനം ദുർബ്ബലപ്പെടുന്നുവെന്ന് പറയപ്പെടുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടത്തുന്ന നെൽസംഭരണം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | കേന്ദ്ര ഭക്ഷ്യ പൊതുവിതരണ മന്ത്രാലയം ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന വികേന്ദ്രീകൃത ധാന്യ സംഭരണ സംസ്കരണ വിതരണ പദ്ധതി പ്രകാരം സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമുള്ള നെൽ കർഷകരിൽ നിന്നും സപ്ലൈകോ വഴി നെല്ല് സംഭരിക്കുന്നു. ഈ പദ്ധതിയുടെ പ്രയോജനം സംസ്ഥാനത്തെ മുഴുവൻ കർഷകർക്കും ലഭിക്കുന്ന രീതിയാണ് നെല്ല് സംഭരണ പദ്ധതി നടപ്പിലാക്കുന്നത്. കർഷക രജിസ്ട്രേഷൻ മുതൽ നെല്ല് സംസ്കരിച്ച് വിതരണത്തിന് വിട്ടു നൽകുന്നതു വരെയുള്ള എല്ലാ നടപടികളും പൂർണ്ണമായും കമ്പ്യൂട്ടർവത്കൃതമാണ്. കൂടാതെ നെല്ലിന്റെ സംഭരണ വില കർഷകർക്ക് സമയബന്ധിതമായി നൽകുവാൻ പി.ആർ.എസ് വായ്പാ പദ്ധതിയും സപ്ലൈകോ മുഖേന നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിപ്രകാരം കാലതാമസം കൂടാതെ തന്നെ നെല്ലിന്റെ വില കർഷകർക്ക് ലഭിക്കുന്നു. |
| (ബി) | സപ്ലൈകോ ഭക്ഷ്യധാന്യ സംഭരണത്തിനായി സംഭരണശാലകൾ നിർമ്മിക്കുന്ന പ്രവർത്തനത്തിന്റെ പുരോഗതിയെക്കുറിച്ച് അറിയിക്കാമോ; | (ബി) | സംസ്ഥാന ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് എൻ.എഫ്.എസ്.എ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഭക്ഷ്യസാധനങ്ങളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് വലിയതുറ, കൊല്ലം, തിരുവല്ല, ഇടപ്പള്ളി, കൊച്ചി എന്നിവിടങ്ങളിലാണ് ഗോഡൗൺ നിർമ്മാണം വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ വലിയതുറ, കൊല്ലം, തിരുവല്ല എന്നിവിടങ്ങളിൽ നിർമ്മാണം പുരോഗമിച്ചു വരുന്നു. കൊച്ചിയിൽ വിശദമായ പ്ലാൻ, ഡിസൈൻ തുടങ്ങിയവ തയ്യാറാക്കി വരികയാണ്. ഇടപ്പള്ളിയിൽ ഗോഡൗണിന് ഉദ്ദേശിച്ച സ്ഥലത്തേക്കുള്ള റോഡ് |

| | | | |
|---|---|---|---|
| | | | സൗകര്യത്തിന്റെ അപര്യാപ്തത മൂലം നടപടികൾ ആരംഭിച്ചിട്ടില്ല. |
| (സി) | കേന്ദ്രസർക്കാർ അടിക്കടി പഞ്ചസാര, മണ്ണെണ്ണ വിഹിതം വെട്ടിക്കുറയ്ക്കുന്നതും അരിവിഹിതം മുമ്പുണ്ടായിരുന്ന നിലയിലേക്കെ ങ്കിലും പുന:സ്ഥാപിച്ച് നൽകാത്തതും സംസ്ഥാനത്തെ പൊതുവിതരണ രംഗത്ത് സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ പരിഗണിച്ച് ഇക്കാര്യത്തിൽ പരിഹാരം കണ്ടെത്തുന്നതിന് കേന്ദ്രസർക്കാരിനെ വീണ്ടും സമീപിക്കാൻ സാധിക്കുമോ; വിശദമാക്കാമോ? | (സി) | എൻ.എഫ്.എസ്.എ. 2013 ൽ നടപ്പിൽ വന്നതോടുകൂടി ബി.പി.എൽ വിഭാഗം ഇല്ലാതായതിന്റെ അടിസ്ഥാനത്തിൽ പഞ്ചസാര വിതരണം എ.എ.വൈ. വിഭാഗത്തിന് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. അപ്രകാരം എ.എ.വൈ. വിഭാഗത്തിന് പ്രതിമാസം കാർഡ് ഒന്നിന് 1 കി.ഗ്രാം. നിരക്കിൽ വിതരണം നടത്തുന്നതിന് 595.8 മെ.ടൺ പഞ്ചസാരയ്ക്കായി നിലവിൽ സബ്സിഡി ലഭിച്ചു വരുന്നു. മുൻഗണനാ വിഭാഗത്തിനു കൂടി പഞ്ചസാര ലഭിയ്ക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും കേന്ദ്ര സർക്കാരിൽ നിന്നും അനുകൂല തീരുമാനം ഉണ്ടായിട്ടില്ല. ഓണം പോലെയുള്ള ഉത്സവ കാലങ്ങളിൽ മുൻഗണനാ വിഭാഗത്തിനു കൂടി പഞ്ചസാര ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിനെ സമീപിയ്ക്കുന്ന കാര്യം പരിഗണനയിലാണ്.<br>മണ്ണെണ്ണ വിഹിതം കേന്ദ്ര സർക്കാർ 9264 KL ആയി വെട്ടിക്കുറച്ച സാഹചര്യത്തിൽ സംസ്ഥാനത്തെ സബ്സിഡി മണ്ണെണ്ണ വിതരണം പ്രതിസന്ധിയിലായിരിക്കുകയാണ്. പാദവിഹിതത്തിൽ 4644 KL ന്റെ കുറവ് വരുത്തിയ കേന്ദ്ര സർക്കാർ നടപടിയെ തുടർന്ന് 2019 സെപ്റ്റംബർ മാസത്തിൽ NPNS വിഭാഗത്തിനെ സബ്സിഡി മണ്ണെണ്ണ വിതരണത്തിൽ നിന്ന് ഒഴിവാക്കാൻ സംസ്ഥാന സർക്കാർ നിർബന്ധിതമായി തീർന്നു. സംസ്ഥാനത്തുണ്ടായ മണ്ണെണ്ണ വിതരണത്തിലെ ടി പ്രതിസന്ധി ചൂണ്ടിക്കാട്ടി വെട്ടിക്കുറച്ച വിഹിതം പുന:സ്ഥാപിയ്ക്കണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും നടപ്പുസാമ്പത്തിക വർഷത്തിലെ മൂന്നാം പാദത്തിലും 9264 KL മണ്ണെണ്ണയാണ് പാദവിഹിതമായി ലഭ്യമാക്കിയിരിക്കുന്നത്. കേന്ദ്രസർക്കാരിനോട് വിഹിതം പുന:സ്ഥാപിച്ച് നൽകാൻ ആവശ്യപ്പെട്ടുവെങ്കിലും വൈദ്യുതീകരിച്ച വീടുകളുടെ എണ്ണത്തിലും പാചകവാതക കണക്ഷനുകളുടെ എണ്ണത്തിലും കേരളം മറ്റ് സംസ്ഥാനങ്ങളെക്കാൾ വളരെ മുന്നിലാണെന്ന കാര്യം ചൂണ്ടിക്കാട്ടി ആവശ്യം കേന്ദ്ര സർക്കാർ നിരസിക്കുകയാണുണ്ടായത്. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്ത് ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 നടപ്പിലാക്കിയത് 2016 നവംബർ മാസം മുതലാണ്. ഈ കാലയളവുവരെ കേന്ദ്ര വിഹിതമായി 16 ലക്ഷം മെട്രിക് ടൺ ഓളം ഭക്ഷ്യധാന്യങ്ങൾ ലഭിച്ചിരുന്നു. എന്നാൽ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കിയപ്പോൾ സംസ്ഥാനത്തിനുള്ള വിഹിതം 14.25 ലക്ഷം മെട്രിക് ടണ്ണായി കുറച്ചു. ദേശീയ ഭക്ഷ്യ ഭദ്രത നിയമം റേഷൻ വിഹിതം മുൻഗണനാ വിഭാഗത്തിനായി പരിമിതപ്പെടുത്തുകയും മുൻഗണനേതര വിഭാഗത്തിനുള്ള റേഷൻ വിഹിതം നിർത്താലക്കുകയും ചെയ്തു. മുൻകാലങ്ങളിൽ അധിക വിഹിതമുൾപ്പെടെ ലഭിച്ചുകൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളെ അപേക്ഷിച്ച് ഏകദേശം 1.7 ലക്ഷത്തോളം മെട്രിക് ടൺ കുറവുണ്ടായിട്ടുണ്ട്. സർക്കാർ തലത്തിലും ഗവർണർമാരുടെ സമ്മേളനത്തിലും എം.പി. മാരുടെ കോൺഫറൻസിലും സർവ്വകക്ഷി തലത്തിൽ ബഹു. പ്രധാനമന്ത്രിയെ നേരിട്ടു കണ്ടും റേഷൻ ഭക്ഷ്യധാന്യങ്ങളുടെ സംസ്ഥാന വിഹിതം വർദ്ധിപ്പിക്കണമെന്ന ആവശ്യം ഉന്നയിച്ചിരുന്നുവെങ്കിലും കേന്ദ്ര സർക്കാർ നാളിതുവരെ പരിഗണിയ്ക്കുകയുണ്ടായില്ല. |

സെക്ഷൻ ഓഫീസർ